(ബി) ഈ കോർപ്പറേഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) 1975 ഒക്ടോബർ 10-ാം തീയതി കോർപ്പറേഷൻ രജിസ്റ്റർ ചെയ്യപ്പെട്ടു.

(ബി) 15-6-1976-ൽ ഗവൺമെന്റ് അംഗീകരിച്ച പ്രോജക്ട് റിപ്പോർട്ട് അനുസരിച്ച് കേരളത്തിന്റെ തെക്കും വടക്കും രണ്ടു സ്ഥലങ്ങളിലായി രണ്ടു കോക്കനട്ട് പ്രോസസിംഗ് കോംപ്ലക്സുകൾ സ്ഥാപിക്കുക എന്നതാണ് കോർപ്പറേഷന്റെ ആദ്യഘട്ടത്തിലെ ഉദ്ദേശം. അതിലൊന്ന് ആറിങ്ങലിനടുത്ത് മാമം എന്ന സ്ഥലത്ത് പണി പൂർത്തിയായിവരുന്നു. രണ്ടാമത്തെ കോംപ്ലക്സ് കോഴിക്കോട് ജില്ലയിൽ സ്ഥാപിക്കുവാനുള്ള നടപടികൾ നടന്നുവരികയാണ്. ഈ രണ്ടു കോംപ്ലക്സുകളിലും പ്രതിദിനം 60 ടൺ കൊപ്രവീതം വൻകിട എക്സ്പെല്ലറുകൾ ഉപയോഗിച്ച് സംസ്കരിക്കുന്നതിനുള്ള സജ്ജീകരണങ്ങളുണ്ടായിരിക്കും. പ്രതിവർഷം 36000 ടൺ കൊപ്ര സംസ്കരിച്ച് വെളിച്ചെണ്ണയ്ക്ക് കൂടുതൽ വിലകിട്ടാവുന്ന ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ വിറ്റഴിക്കുവാനും അങ്ങനെ കേരകർഷകർക്ക് കൊപ്രയ്ക്ക് കൂടുതൽ വില ലഭ്യമാക്കുന്നതിനും ഇന്ന് കുത്തക മുതലാളിമാർ കയ്യടക്കിവെച്ചിരിക്കുന്ന നാളികേര കമ്പോളത്തിൽ പ്രവേശിച്ച് കർഷകനെ ചൂഷണത്തിൽനിന്ന് രക്ഷിക്കാനുമാണ് കോർപ്പറേഷൻ പ്രധാനമായി ലക്ഷ്യമിട്ടിരിക്കുന്നത്.

നെൽ കൃഷി

1352 [2179] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിൽ എത്ര ഹെക്ടർ സ്ഥലത്ത് നെൽ കൃഷി ചെയ്യുന്നു എന്നു വ്യക്തമാക്കുമോ;

(ബി) ഇതിൽ ആകെ ഉൽപ്പാദിപ്പിക്കുന്ന നെല്ല് എത്ര ടണ്ണാണ്?

ഉത്തരം

(എ) 1978-79 ലെ കണക്കനുസരിച്ച് 806497 ഹെക്ടർ സ്ഥലത്ത് നെൽ കൃഷി ചെയ്യുന്നുണ്ട്.

(ബി) 1978-79-ൽ 1889231 ടൺ നെല്ല് ഉൽപ്പാദിപ്പിക്കുന്നുണ്ട്.

ചെമ്പുക്കായൽ മൽസ്യം വളർത്തൽ പദ്ധതി

1353 [2180] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കത്തെ ഭൂരഹിതർക്ക് പതിച്ചുകൊടുത്ത ചെമ്പുക്കായൽ മൽസ്യം വളർത്തൽ പദ്ധതിക്കായി വിനിയോഗിക്കുമെന്ന് ഗവൺമെന്റ് ഒരിക്കൽ പറഞ്ഞിരുന്നു. അതിന്റെ നടപടികൾ എത്രത്തോളമായി;

(ബി) ഈ വർഷം ഈ സ്ഥലത്ത് മൽസ്യം വളർത്തൽ പരിപാടി ആരംഭിക്കുവാൻ നടപടികൾ എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly